"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - കൊച്ചി നഗരസഭാ സെക്രട്ടറി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. നൈസാം എ.എസ്.നെ സംസ്ഥാന ശുചിത്വ മിഷൻ ഓഫീസിലെ ഡയറക്ടർ (ഓപ്പറേഷൻസ്) തസ്തികയിലേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ) നം.1798/2022/LSGD തീയതി,തിരുവനന്തപുരം, 25-07-2022

പരാമർശം:-
1. സർക്കുലർ നം. 42/2013/ധന തീയതി 10/05/2013.
2. സ.ഉ.(സാധാ) നം. 580/2013/ധന തീയതി 28/11/2013.
3. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 12.07.2022ലെ 2386/ബി/2022/എസ്.എം. നമ്പർ കത്ത്.

ഉത്തരവ്

കൊച്ചി നഗരസഭാ സെക്രട്ടറി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. നൈസാം എ.എസ്.നെ സംസ്ഥാന ശുചിത്വ മിഷൻ ഓഫീസിലെ ഡയറക്ടർ (ഓപ്പറേഷൻസ്) തസ്തികയിലേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കണമെന്ന് പരാമർശം (3) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന ശുചിത്വ മിഷൻ ഓഫീസിലെ ഡയറക്ടർ (ഓപ്പറേഷൻസ്) തസ്തികയിലേക്ക് കൊച്ചി നഗരസഭാ സെക്രട്ടറി തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. നൈസാം എ.എസ്.നെ കെ.എസ്.ആർ ഭാഗം I ചട്ടം 140(സി) യിലെ വ്യവസ്ഥകൾക്കും അന്യത്രസേവനം സംബന്ധിച്ച് പരാമർശം (1) (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി ഒരു വർഷത്തേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. നൈസാം എ.എസ്, (നഗരകാര്യ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Suja S K
Date: 26-07-2022 15:17:19
സെക്ഷൻ ഓഫീസർ